**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1366** **19-09-2025 - ൽ മറുപടിയ്ക്ക്**

**പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിൽ 15 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതും എഗ്രിമെന്റ് ഒപ്പ വെച്ച് പ്രവൃത്തി ആരംഭിച്ചിരുന്നതുമായ പെരുന്തുത്തി കടവ് പാലം നിർമ്മാണം സാങ്കേതിക കാരണങ്ങളാൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്തതിനാൽ ഈ പ്രവൃത്തി റദ്ദ് ചെയ്യുന്നതിനും ഈ പ്രവൃത്തിയുടെ തുക തിരൂരങ്ങാടി മണ്ഡലത്തിലെ കാളംതിരുത്തി പാലം നിർമ്മാണം, വട്ടച്ചിറ പാലം നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് മാറ്റി ഭരണാനുമതി ലഭ്യമാക്കുന്നതിന് ശിപാർശ ചെയ്തുകൊണ്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർ(പാലങ്ങൾ വിഭാഗം) ചീഫ് എൻജിനീയർക്ക് 28-10-2024 ൽ ഇ.ഇ.ബി.ആർ.-ഡി.വി.ഒ.പി.കെ.ഡി. /274/2023-ഡി3-പി.ഡബ്ല്യു.ഡി. നമ്പർ കത്ത് നൽകിയിരുന്നോ; ഈ വിഷയത്തിൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ; | (എ) | 28.01.2020 തീയതിയിലെ സ.ഉ.(സാധാ) നം.105/2020/പി.ഡബ്ല്യു.ഡി പ്രകാരം 13.7 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച പെരുന്തുരുത്തി കടവ് പാലം നിർമ്മാണം പ്രദേശവാസികളുടെ എതിർപ്പ് കാരണം തുടർന്ന് നടത്താൻ സാധിക്കാത്തതിനാൽ അതുമായി ബന്ധപ്പെട്ട് ചെയ്ത അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ കരാർ റദ്ദാക്കുന്നതിനായി 06.02.2025 തീയതിയിൽ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച അപേക്ഷ നിലവിൽ ധനവകുപ്പിന്റെ പരിഗണനയിലാണ്. |
| (ബി) | ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ ഏത് ഓഫീസിലാണെന്ന് ഫയൽ നമ്പറുകൾ സഹിതം വിശദമാക്കാമോ; | (ബി) | ചീഫ് എഞ്ചിനീയർ കാര്യാലയത്തിലെ File No.CEPWD-MLP/12/2022/AB3-BR<br>സെക്രട്ടറിയേറ്റ് ഫയൽ നമ്പർ-D1/530/2024/PWD |
| (സി) | ബന്ധപ്പെട്ട ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗ തീരുമാനപ്രകാരം സാങ്കേതിക കാരണങ്ങളാൽ മുന്നോട്ടു കൊണ്ടുപോവാൻ സാധിക്കാത്ത ഈ പ്രവൃത്തിയുടെ തുക മാറ്റി, ശിപാർശ ചെയ്ത പ്രവൃത്തികൾക്ക് മാറ്റി അനുവദിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്ന് വിശദമാക്കാമോ; | (സി) | കാളംതുരുത്തി പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡിസൈൻ; ഡിസൈൻ വിഭാഗത്തിൽ നിന്നും തയ്യാറാകുന്നു. പെരുന്തുരുത്തി പാലം അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി റദ്ദാക്കുന്നത് നിലവിൽ ധനവകുപ്പിന്റെ പരിഗണനയിലാണ്. ഇതിന് അനുമതി ലഭിച്ചാൽ തുടർനടപടികൾ സ്വീകരിക്കാനാകും. |
| (ഡി) | ഈ പ്രവൃത്തിയുടെ തുക മാറ്റി, ശിപാർശ ചെയ്ത മറ്റു പ്രവൃത്തികൾക്ക് അനുവദിച്ച് ഭരണാനുമതി ഉത്തരവ് ഇറക്കുന്നതിന് 28-10-2024 ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ (പാലങ്ങൾ വിഭാഗം), ചീഫ് എൻജിനീയർക്ക് കത്ത് നൽകി ഒരു | (ഡി) | സി പിരിവിന്റെ അതേ മറുപടി. |

| | | | |
|---|---|---|---|
| | വർഷത്തോളമായിട്ടും ഭരണാനുമതി ഉത്തരവിറക്കാത്തതിന്റെ കാലതാമസം കാരണങ്ങൾ സഹിതം വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ